## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2982** **18.06.2019 -ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സ്കൂളുകളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | എയ്ഡഡ് പദവി ഇല്ലാത്ത സ്പെഷ്യൽ സ്കൂളുകളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; | എ) | സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള സ്കൂളുകളെ സംസ്ഥാന സർക്കാരിന്റെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉത്തരവായിട്ടുണ്ട്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയും PWD ആക്ട് 1995 പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചാൽ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. |
| ബി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി പ്രവർത്തിയ്ക്കുന്ന റഹ്മ സ്പെഷ്യൽ സ്കൂൾ ഫോർ മെന്റലി റിട്ടാർഡഡ് സ്കൂളിനെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | ഇല്ലെങ്കിൽ മാനുഷിക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ എന്നതിനാൽ ഈ സ്കൂളിനെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിയ്ക്കുമോ? | സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ